പൂജാപുഷ്പം
ഇടശ്ശേരി

# പൂജാപുഷ്പം

കരയാനിടമില്ലാ കാലത്തിൻ പ്രവാഹത്തിൽ-
ക്കരയാനല്ലല്ലോ നീ തന്നതീ വിഭവങ്ങൾ:
വെളിച്ചം വെള്ളം വായുവാകാശപാതാളങ്ങൾ
കളിപ്പന്തുകൾ സൗരയൂഥങ്ങളനന്തങ്ങൾ
ഇനിയും നീ തന്നതാണെൻ ചുറ്റും തത്തുന്നോരി-
ക്കനക്കെപ്പച്ചപ്പോലും മുഗ്ദ്ധജീവനെ മുറ്റും
ദേവൻമാരദൃശ്യൻമാർ പുൽ,പുഴു, പൂമ്പാറ്റ, ഭൂ-
ദേവകൾ മനുഷ്യരീ രൂപവൈവിധ്യത്തോടെ
നന്ദിപൂർവ്വകമോർപ്പേനിവ ദാതാവേ, പക്ഷേ
തന്നു നീയെന്തിന്നായിശ്ശപ്തമാം സ്നേഹത്തേയും!
ഒരിളം ജീവൻ മെല്ലെ സ്ഫുടിപ്പൂ മടിത്തട്ടിൽ,
സ്ഫുരിപ്പൂ മൽച്ചേതസ്സിലാശയുമാശ്വാസവും
കൺകളിൽ വെളിച്ചം പുന്നെഞ്ചിലക്കാറ്റും സിരാ-
മണ്ഡലത്തിങ്കൽച്ചാലേ ജലവും പകർന്നു നീ.
അവനെപ്പാതാളത്തിൽ നിന്നെടുത്താകാശത്തിൻ-
സുവിശാലതയിലേയ്ക്കുയർത്താൻ കല്പിച്ചു നീ
ശരി, എന്തിനു പിന്നെയിമ്മണ്ണിൽ മമത്വത്തിൻ
ചരടാൽ കൂട്ടിക്കെട്ടി ഞങ്ങളെ നോവിച്ചൂ നീ?
അവനെക്കാണെക്കാണെപ്പുലർകാലത്തെപ്പോലെ
അവനെപ്പൂണെപ്പൂണെച്ചന്ദനാലേപം പോലെ
അവനി മഹോത്സവമംഗളക്ഷേത്രം പോലെ
ഹ,ഹ, ഞാനെത്തിച്ചേർന്ന പുണ്യ മണ്ഡലമേതോ!
മാമ്പൂവേ, കണ്ടീല ഞാൻ ദുർദ്ദിനകരാളിമ,
മാൺപണിത്തിരിവെച്ചേൻ കൊടുങ്കാറ്റിനു മുമ്പിൽ,
മന്ദനെൻ സ്വർഗ്ഗം മണൽത്തിട്ടിലേ പണിതേൻ, ഹാ,
മറ്റെന്തു ഞാനേ തീർത്തേനെന്നിരുൾപ്പാതാളത്തെ!
കരയാമിനി, പ്പക്ഷേ ചോദിപ്പൂ  കൂടെക്കൂടെ-
ക്കരൾ, ആരോതിത്തരും, ഞാനെന്തു കുറ്റം ചെയ്തു?
നനയാറുണ്ടെൻ മിഴി തെല്ലകിഞ്ചനത്വത്താൽ
തനിയേ തോർത്തിപ്പോന്നിതുദ്ധതം ഭുജാദണ്ഡം.
മാനഹാനിയിൽ മുങ്ങിപ്പോകലുണ്ടപ്പോളപ്പോൾ
ശ്മശ്രുക്കൾ മർദ്ദിച്ചു ഞാനെൻമുഖം പൊന്തിക്കുന്നൂ.
തടവാം തടവൊക്കെക്കുന്നുകൂടുന്നു മുന്നിൽ;-
ച്ചവുട്ടിത്തകർത്തേ ഞാൻ പാതവെട്ടുന്നൂ നീളെ.
മുറിവും ചതവുമെൻ മേനിയിൽ മുറ്റും തോറും
മുറുകെപ്പുണരുന്നു നീ തന്ന തണുപ്പിനെ.
വേർപ്പിൽ മുങ്ങിയ ദേഹമിന്നോളം മിഴി വാർക്കു-
മുപ്പുനീരിനാൽക്കഴുകീല ഞാ,നതോ കുറ്റം?
പുലരിച്ചന്ദ്രക്കലയ്ക്കൊപ്പമേ തണുത്തയ്യോ
ചലനം നിലച്ചോരെൻ പ്രാണനെയിന്നും കാണ്മൂ.
പുലർന്നു; ജീവച്ചോര രാവൂറ്റിക്കുടിയ്ക്കയാൽ
വിളർത്തും വിരിഞ്ഞിതെൻ കുഞ്ഞിനു മൃദുഹാസം
ഇത്തിരി സമാശ്വാസമേകാനോ എന്നോമനേ.
പൂത്തിരി കത്തിച്ചു നീ വറ്റിപ്പോം പ്രാണങ്ങളാൽ!
മങ്ങലും തെളിവുമുത്ക്കണ്ഠയും കോലും നാളിൻ
മംഗല്യം മറചെയ്ത സായാഹ്നം കറുത്തപ്പോൾ
ക്രൂരതേ, നീ താൻ തന്ന പച്ച ജീവനെയെന്റെ
മാറിൽ നിന്നടർത്തയ്യോ ചീന്തിയിട്ടില്ലേ താഴെ!

# പൂജാപുഷ്പം
## ഇടശ്ശേരി

പെറ്റവളസ്തപ്രജ്ഞമെൻകാല്ക്കലിടിയേറ്റ
കാട്ടുവള്ളിയെപ്പോലെ തളർന്നു കിടക്കവേ,
കാരിരുമ്പാക്കിത്തീർത്ത കരളോടെ ഞാൻ നിന്നു
കാണവേ, ധർമ്മത്തിന്റെ കണ്ണുകൾ മങ്ങിപ്പോകെ,
പൊന്നുഷസ്സുകളൂതി വിടർത്തും നേത്രങ്ങളിൽ-
ച്ചിന്നിയില്ലേ നീ തീക്ഷ്ണതരമാം ചെന്തീയിനെ!
ഇരമ്പും ക്രൂരക്കൊടുങ്കാറ്റിനെപ്പായിച്ചില്ലേ-
യിളയോരപ്പൂംനെഞ്ചിൽ, ത്തീവെള്ളം സിരയ്ക്കുള്ളിൽ!
കൂരതേ, നീതാനത്രേ ശാശ്വതസത്യം! നിന്റെ
നേരെ ഞാൻ കൃതജ്ഞതാപൂർവ്വകമെറിയട്ടേ
"ഹേ, ദയാമയൻ", എന്ന സംബുദ്ധി, ഇതെന്നെന്നും
സ്വീകരിച്ചാവൂ പൂജാപുഷ്പമായ് നിൻപാദങ്ങൾ!